# പത്രക്കുറിപ്പ്

## മുതിർന്ന പൗരന്മാരെ റോഡ് മുറിച്ച് കടക്കാൻ പോലീസ് സഹായിക്കും

തിരുവനന്തപുരം: സിറ്റി പോലീസ് മുതിർന്ന പൗരന്മാരെ റോഡ് മുറിച്ച് കടക്കാൻ സഹായിക്കും. ഇതിനായുള്ള നിർദ്ദേശം സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകിക്കഴിഞ്ഞു.

ഇന്നലെ ചേർന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും ചർച്ച ചെയ്യാനായി സിറ്റി പോലീസ് നടത്തിയ സെമിനാറിൽ പങ്കെടുത്ത മുതിർന്ന പൗരന്മാരുടെ അഭിപ്രായം മാനിച്ചാണ് സിറ്റി പോലീസ് കമ്മീഷണർ ഇത്തരത്തിൽ നിർദ്ദേശം നൽകിയത്. റോഡുകളിൽ രാവിലെ 8 മണിമുതൽ വൈകിട്ട് 8 മണി വരെ ഡ്യൂട്ടി നോക്കുന്ന ട്രാഫിക് പോലീസുകാരും ഹോംഗാർഡുകളും ട്രാഫിക് വാർഡന്മാരും മുതിർന്ന പൗരന്മാരെ റോഡ് മുറിച്ച് കടക്കാൻ കൈപിടിച്ച് സഹായിക്കും.

ട്രാഫിക് പോലീസ് ഇല്ലാത്ത സ്ഥലങ്ങളിൽ ലോക്കൽ പോലീസും ഇവരെ സഹായിക്കും. കൂടാതെ മുതിർന്ന പൗരന്മാർ ആവശ്യപ്പെട്ടാൽ ഓട്ടോ-ടാക്സി പിടിച്ച് നൽകാനും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

എല്ല പോലീസ് സ്റ്റേഷനുകളിലും നിലവിലുള്ള സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് കാര്യക്ഷമമാക്കും. ഇവരുടെ പരാതികളിൽ ഉടനടി തന്നെ നടപടി എടുക്കാനും കമ്മീഷണർ പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് മാത്രമായി പോലീസുമായി ബന്ധപ്പെടാൻ ഒരു നാലക്ക ഹെൽപ് ലൈൻ നമ്പർ ഉടനടി തന്നെ നിലവിൽ വരുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

മുതിർന്ന പൗരന്മാർക്കായി ഇന്നലെ നടന്ന ഏകദിനശില്പശാല ഡെപ്യൂട്ടി മേയർ രാഖി രവികുമാർ ഉത്ഘാടനം ചെയ്തു. ഡി.സി.പി അജിത്, റിട്ട. എസ്.പി ലംബോധരൻ നായർ, കന്റോൺമെന്റ് അസ്സിസ്റ്റന്റ് കമ്മീഷണർ, ജനമൈത്രി കോ-ഓർഡിനേറ്റർ രഘുനാഥൻ നായർ തുടങ്ങിയവർ നേതൃത്വം നൽകി.

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE
THIRUVANANTHAPURAM CITY